## പതിമൂന്നാം കേരളനിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1965.

17.12.2012 ന് മറുപടിയ്ക്ക്.

### തേക്കടി കടുവാസങ്കേതത്തിലൂടെയുള്ള രാത്രി സവാരി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കെ.സുരേഷ് കുറുപ്പ്. | ശ്രീ.കെ.ബി.ഗണേഷ് കുമാർ<br>(വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) |
| (എ) വനം-വന്യജീവി സംരക്ഷണ നിയമം സംസ്ഥാനത്തെ മന്ത്രിമാർക്ക് ബാധകമാണോ ; ബാധകമല്ലെന്ന് വനം വകുപ്പുമന്ത്രി പരസ്യമായി പ്രസ്താവന നടത്തുകയുണ്ടായോ ; | (എ) എല്ലാ പൗരന്മാർക്കും ബാധകമാണ്. അത്തരം പ്രസ്താവന നടത്തിയിട്ടില്ല. |
| (ബി) തേക്കടി കടുവാ സങ്കേതത്തിലൂടെ രാത്രി സവാരി വൈകിട്ട് ആറിന് ശേഷം നിരോധിച്ചിട്ടുണ്ടോ ; എങ്കിൽ നിരോധിത സമയത്ത് സംസ്ഥാനത്തെ ഏതെങ്കിലും മന്ത്രിമാർ പെരിയാർ കടുവാ സങ്കേതത്തിലൂടെ ബോട്ടുയാത്ര നടത്തുകയുണ്ടായോ ; എങ്കിൽ ഏതെല്ലാം മന്ത്രിമാർ എന്ന് വെളിപ്പെടുത്തുമോ ; | (ബി) വിനോദസഞ്ചാരികൾക്കായുള്ള സവാരി വൈകുന്നേരം 5.30 മണിക്കുശേഷം നിരോധിച്ചിട്ടുണ്ട്. നിരോധിത സമയത്ത് വിനോദ സഞ്ചാരാർത്ഥം ആരെങ്കിലും ബോട്ടുയാത്ര നടത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) നിയമവിരുദ്ധമായും സുപ്രീം കോടതി നിർദ്ദേശങ്ങൾക്ക് വിരുദ്ധമായും കടുവാ സങ്കേതത്തിലൂടെ ഉല്ലാസയാത്ര നടത്തിയവർക്ക് എതിരെ വനം വകുപ്പ് സ്വീകരിച്ച നടപടികൾ വെളിപ്പെടുത്താമോ ? | (സി) ചോദ്യം ഉദിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ.